## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 1001

06.06.2018-ൽ മറുപടിയ്ക്ക്.

## പാൽ ഉല്പാദനത്തിൽ സ്വയം പര്യാപ്തത

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.വി. അബ്ദുറഹിമാൻ** | **ശ്രീ.കെ രാജു**<br>**(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി)** |
| (എ) മിൽമ വഴി ശേഖരിക്കുന്ന പാലിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കാമോ; | (എ) ക്ഷീരസംഘങ്ങളിൽ നിന്നും മിൽമ വഴി ശേഖരിക്കുന്ന പാലിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന ക്ഷീരവികസന വകുപ്പിന്റെ ഗുണനിയന്ത്രണ യൂണിറ്റുകൾ മുഖേന പാൽ സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തി ബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നു.<br>മിൽമയ്ക്ക് ആഭ്യന്തര വിപണിയിൽ നിന്നും ലഭിക്കുന്ന പാൽ കർശനമായ ഗുണനിലവാര പരിശോധനകൾക്ക് വിധേയമാക്കിയതിനു ശേഷമാണ് സ്വീകരിക്കുന്നത്.<br>മിൽമ ഡയറികളുടെ ലബോറട്ടറികളിൽ ആന്റി ബയോട്ടിക് ടെസ്റ്റ്, അഡൽട്രേഷൻ ടെസ്റ്റ്, പ്രിസർവേറ്റീവ് ടെസ്റ്റ്, ബാക്ടീരിയോളജിക്കൽ ടെസ്റ്റ് എന്നീ പരിശോധനകൾ കൂടി നടത്തി ഗുണനിലവാരം ഉറപ്പ് വരുത്തുന്നു. കൂടാതെ പുറമേയുള്ള NABL Accredited ലാബുകൾ വഴി മിൽമയുടെ ഡയറികൾ ഹെവിമെറ്റൽസ് ആന്റി ബയോട്ടിക് പെസ്റ്റിസൈഡ്സ് തുടങ്ങിയവയുടെ പരിശോധനയും കൃത്യമായി നടത്തി വരുന്നു. കൃത്യമായ ഇടവേളകളിൽ ഗവൺമെന്റ് ലാബ് / ഗവൺമെന്റ് അംഗീകൃത ലാബുകളിലൂടെയും പാലിന്റെ ഗുണനിലവാര പരിശോധന മിൽമ നടത്തുകയും ചെയ്യുന്നുണ്ട്. |
| (ബി) പാൽ ഉല്പാദനത്തിൽ സ്വയം പര്യാപ്തത നേടാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കാമോ; ഇല്ലെങ്കിൽ സ്വയം പര്യാപ്തത നേടുന്നതിന് എന്തൊക്കെ നടപടികളാണ് നടപ്പിലാക്കി വരുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;<br><br>(സി) ആവശ്യമായതിന്റെ എത്ര ശതമാനം പാൽ ആണ് സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) യും (സി) യും<br>പാൽ ഉല്പാദനത്തിൽ സംസ്ഥാനത്തെ സ്വയം പര്യാപ്തതയിലെത്തിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>(1) മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി<br>(2) കാറ്റിൽ ഫീഡ് സബ്സിഡി<br>(3) തീറ്റപ്പുൽ കൃഷി വികസന പദ്ധതികൾ<br>(4) ക്ഷീരകർഷകർക്കുള്ള അവശ്യാധിഷ്ഠിത സഹായം.<br>(5) ഹീഫർ പാർക്ക്<br>(6) ക്ഷീരഗ്രാമം<br>(7) ഡെയറി സോൺ<br>(8) കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി<br>(9) ക്ഷീരകർഷകർക്കുള്ള ബോധവൽക്കരണ പരിപാടി<br>സംസ്ഥാനത്തിന്റെ ആവശ്യകതയുടെ ഏകദേശം 81 % ആഭ്യന്തരമായി ഉൽപ്പാദിപ്പിക്കുന്നു. |

സെക്ഷൻ ഓഫീസർ